# ജിന്നും പിശാചും പച്ചപ്പുതപ്പണിഞ്ഞ് തിരിച്ചുവരുമ്പോൾ...

## നാം എന്തു ചെയ്യണം?
## സി. പി. ഉമർ സുല്ലമി പറയട്ടെ:

**“എല്ലാമറിയുന്ന, എല്ലാം കേൾക്കുന്ന അല്ലാഹുവിനോട് ആട്ടിയകറ്റപ്പെട്ട പിശാചിൽ നിന്നും അവൻെറ ബാധയിൽ നിന്നും അവൻെറ ദുർബോധനത്തിൽ നിന്നും അവൻെറ ദുർമന്ത്രണത്തിൽ നിന്നും ഞാൻ കാവൽ തേടുന്നു.” (സി.പി.ഉമർസുല്ലമി, പ്രാർത്ഥനകൾ നിത്യജീവിതത്തിൽ പേജ് 22,23).**

**അതേ പുസ്തകത്തിലെ മറ്റൊരു പ്രാർത്ഥനയിൽ “...പിശാചുക്കളുടെ ബാധകളിൽ നിന്നും അവരുടെ സാന്നിദ്ധ്യത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.” (പേജ് 16).**

***എ. അലവി മൗലവിയും മുഹമ്മദ് അമാനി മൗലവിയും ചേർന്ന് രചിക്കുകയും കെ. എം. മൗലവി പരിശോധിക്കുകയും ചെയ്ത ഖുർആൻ വിവരണത്തിൽനിന്ന്:***

"സിഹ്റിന് യാഥാർത്ഥ്യമില്ല, ഗുണമായോ ദോഷമായോ ഉള്ള എന്തെങ്കിലും ഫലമു ണ്ടാകുന്ന തരത്തിൽ ഒരു സിഹ്റുമില്ല. കേവലം, മനുഷ്യരെ പകിട്ടാക്കുന്ന ചില ചെപ്പടിവിദ്യകൾക്ക് മാത്രമുള്ള പേരാണ് സിഹ്റ് എന്നിങ്ങനെ ചില അഭിപ്രായങ്ങൾ മുമ്പും ഇപ്പോഴുമുണ്ട്. മുഅ്തസില വിഭാഗക്കാരിൽ നിന്നാണ് ഇതിൻെറ ഉത്ഭവം..."

"...ഇന്ദ്രജാലം, ആഭിചാരം, മായാവിദ്യ, ജാലം, കൺകെട്ട്, ചെപ്പടിവിദ്യ എന്നൊക്കെ പറയുന്നത് സിഹ്റിൻെറ ഇനങ്ങളിൽപെട്ടതത്രെ. മനു ഷ്യനെ മൃഗമാക്കുക, കല്ല് സ്വർണ്ണമാക്കി മാററുക പോലെയുള്ള കഴിവുകൾ സിഹ്റിനുണ്ടെന്ന ധാരണ തികച്ചും മൗഢ്യവും അടിസ്ഥാനമില്ലാത്തതു മാകുന്നു. പക്ഷെ, അതുകൊണ്ട് സിഹ്റിൻെറ എല്ലാ ഇനങ്ങളേയും അവ മൂലം ദോഷം സംഭവിക്കുന്നതിനേയും നിഷേധിക്കുവാൻ സാധ്യമല്ല. നേരെ മറിച്ച് സിഹ്റിൻെറ ഇനത്തിൽപെട്ടതായി അറിയപ്പെടുന്നതിലൊന്നും തന്നെ ഒരു യാഥാർത്ഥ്യവുമില്ലെന്ന ധാരണയും ശരിയല്ല. ഇതാണ് വാസ്തവം." (സൂറത്തുൽ ഫലക്വിൻെറ നാലാമത്തെ ആയത്തിൻെറ വ്യാ ഖ്യാനം നോക്കുക)

## ശബാബിൻ്റെ പേജുകളിലൂടെ...

“മനുഷ്യനെ എല്ലാ ഭാഗത്തുനിന്നും കാണുകയും അതുപോലെ അവരിൽ പ്രവേശിച്ച് അവൻെറ ചിന്തയേയും മനസ്സിനേയും സ്വാധീനിച്ചും കമ്പളിപ്പിച്ചും തെറ്റായ വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്ന കൂട്ടുകാരനേയാണ് മേൽപറഞ്ഞ വചനങ്ങൾ അനാവരണം ചെയ്യുന്നത്. വിഭ്രാന്തി, ഉന്മാദം, ഭയം, വ്യാധികൾ തുടങ്ങി നിരവധി ഭവിഷ്യത്തുകൾ പിശാച് അഥവാ ഇബ്‌ലീസ് ഉണ്ടാക്കിത്തീർക്കുമെന്നും അതിൽനിന്നുള്ള പൂർണ്ണമോചനം അല്ലാഹുവിൽ പൂർണ്ണ സമർപ്പണവും വിശ്വാസവുമാണെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.” (സി.എം. മൗലവി, ശബാബ് 2001 ഡിസംബർ 14).

“നാക്കിലും ചുണ്ടിലും ശൂലം കുത്തിക്കയറ്റുന്നത് മരവിപ്പിച്ചതിന് ശേഷമോ വേദന സഹിക്കാൻ ദീർഘകാലമായി പരിശീലപ്പിച്ചതിന് ശേഷമോ ആകാം. ജനങ്ങളെ മിഥ്യാധാരണകളിൽ തളച്ചിട ണമെന്ന് നിർബന്ധമുള്ള പിശാചിൻെറ കുതന്ത്രങ്ങളും ഇതിൻെറയൊക്കെ പിന്നിലുണ്ടാകാം.” (ശബാബ് -2000, ഒക്ടോബർ 27).

“...ദിവ്യാത്ഭുതങ്ങളെന്ന് പറഞ്ഞ് ചിലതൊക്കെ കാണിക്കുകയും ദൈവിക കഴിവുകൾ അവകാശപ്പെടുകയും ചെയ്യുന്ന ആർക്കും ദിവ്യത്വത്തിൻെറ യാതൊരു അവകാശവുമില്ലെന്നും മനുഷ്യപ്രകൃതിക്ക് അതീതമായി വല്ലതും കണ്ടാൽപോലും അത് പിശാചിൻെറ പിന്തുണയോടെ സംഭവിക്കുന്നതാകാനേ സാധ്യതയുള്ളൂവെന്നുമാണ് ‘മുസ്‌ലിം’ എഴുതിയത്. പിശാചിന് എന്തും ചെയ്യാൻ കഴിവുണ്ടെന്ന് സമർത്ഥിക്കാൻ മുസ്‌ലിം ഉദ്ദേശിച്ചിട്ടില്ല. അങ്ങനെ ആരെങ്കിലും ധരിക്കാൻ ഇടയായിട്ടുണ്ടെങ്കിൽ ഖേദിക്കുന്നു.” (ശബാബ് 2000 ഡിസംബർ 15).

“ജിന്നുകൾക്ക് അഭൗതികമായ കഴിവുകളുണ്ടെന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകുമെന്ന് മുസ്‌ലിം കളാരും വിശ്വസിക്കുന്നില്ല. ജിന്നുകളുടേയോ മലക്കുകളുടേയോ പ്രവാചകൻമാരുടേയോ ഔലിയാ ക്കളുടേയോ കഴിവുകൾ അംഗീകരിച്ചാൽ മുശ്‌രിക്കാകുമെന്ന് മുജാഹിദുകൾക്കും വാദമില്ല. (കോയക്കുട്ടി ഫാറൂഖി, ശബാബ് 2003 ജൂൺ 20.

വീണ്ടും ശബാബ് എഴുതി: “നബി(സ)യിൽ നിന്ന് വിശ്വസ്തരായ റിപ്പോർട്ടർമാരുടെ പരമ്പ രയിലൂടെ ഉദ്ധരിക്കപ്പെട്ട ഹദീസിൽ തെറ്റുസംഭവിക്കാൻ വളരെ വിദൂരമായ സാധ്യത മാത്ര മേയുള്ളൂ. സിഹ്ഹ് സംബന്ധിച്ച ഹദീസിൻെറ നിവേദകപരമ്പരയിൽ ആക്ഷേപിക്കപ്പെട്ട വ്യക്തികൾ ആരെങ്കിലും ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഒരു ഹദീസ് വിശ്വസ്തർ മുഖേനയാണ് ഉദ്ധരിക്കപ്പെട്ടതെങ്കിൽ അതിൻെറ ഉള്ളടക്കം നമുക്ക് വ്യക്തമായി ബോധ്യ പ്പെടാത്തതിൻെറ പേരിൽ അതിനെ തള്ളിപ്പറയുന്നത് നമുക്ക് ദോഷകരമാവാൻ സാധ്യതയുണ്ട്. നബി(സ) യഥാർത്ഥത്തിൽ പറഞ്ഞതോ ചെയ്തതോ അവിടുത്തെ ജീവിതത്തിൽ സംഭവിച്ചതോ ആയ ഒരു കാര്യത്തെ നാം തള്ളിപ്പറയാൻ ഇടയാകുന്നത് ഗൗരവമുള്ള വിഷയമാണല്ലോ.” (ശബാബ് 2005 ജനുവരി 21).

“മുറിക്കപ്പെട്ട നഖവും മുടിയും കുഴിച്ചു മൂടണമെന്ന് പ്രവാചകൻ കൽപിച്ചു” വെന്ന ബൈഹഖിയുടെ റിപ്പോർട്ടനുസരിച്ച് അപ്രകാരം ചെയ്യുന്നത് ഏറെ ഗുണകരം തന്നെയാണ്. ആഭിചാരവൃത്തിക്കാർ അത് ദുരുപയോഗം ചെയ്യുമെന്ന് നബി(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.” (കോയക്കുട്ടി ഫാറൂഖി-ശബാബ് 2006 ജൂലൈ 28).

“ജിന്നുകൾക്ക് വിവിധരൂപങ്ങൾ പ്രാപിക്കാനും മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്താനും കഴിയും. വിശിഷ്യാ വനത്തിലോ അന്ധകാരത്തിലോ ഏകാന്തതയിലോ അതല്ലെങ്കിൽ ജിന്നുമായി ബന്ധപ്പെടാവുന്ന മറ്റു അവസ്ഥകളിലോ ആയിരിക്കുമ്പോൾ.” (ശബാബ് 91 ഡിസംബർ 13.)

## വീണ്ടും വായിക്കാൻ

# നബി (സ്വ)ക്ക് സിഹ്റ് ബാധിച്ചോ? ശബാബ് എന്തു പറയുന്നു?

### സിഹ്റും ഹദീസും ?

പ്രവാചകന് സിഹ്റ് ബാധിച്ചതായുള്ള ഹദീസ് ബുഖാരിയിൽ കാണാൻ കഴിഞ്ഞു. എന്നാൽ ഇത് തെറ്റാണെന്ന് വ്യാഖ്യാനിക്കുന്ന ചില പ്രസംഗങ്ങളും കേൾക്കാൻ ഇടയായി. ഇതിന്റെ വസ്തുത എന്താണ്. വിശദീകരിക്കാമോ? സൂറ: ഇഖ്ലാസ്, ഫലഖ്, നാസ് എന്നിവയുടെ അവതരണത്തിന് ഈ സംഭവുമായി ബന്ധമുണ്ടോ?

**പി. അബ്ദുൽ റഹിമാൻ വെള്ളയിൽ**

സിഹ്റിനെ സംബന്ധിച്ച് ഹദീസിൽ മാത്രമല്ല, വിശുദ്ധ ക്വുർആനിലും പരാമർശമുണ്ട്. 20: 66 സൂക്തത്തിൽ ഇപ്രകാരം കാണാം: "അപ്പോഴതാ അവരുടെ സിഹ്റ് നിമിത്തം അവരുടെ കയറുകളും വടികളുമെല്ലാം ഓടുകയാണെന്ന് അദ്ദേഹത്തിന് (മൂസാ നബി (അ) ക്ക്) തോന്നുന്നു." ഫിർഔൻ വിളിച്ചുവരുത്തിയ സാഹിറുകൾ അഥവാ മായാജാലവിദഗ്ദർ ചെയ്ത സിഹ്ർ മൂസാ നബി (അ) ഉൾപ്പെടെ അവിടെ സന്നിഹിതരായ എല്ലാവരുടേയും കണ്ണുകളെ ബാധിച്ചതുകൊണ്ടാണ് അവർക്ക് മിഥ്യാദർശനം അനുഭവപ്പെട്ടത്. ഈ സിഹ്ർ അഥവാ ജാലവിദ്യ സാർവ്വത്രികമായതുകൊണ്ട് അത് ഒരു പ്രവാചകന്റെ കണ്ണിനെ ബാധിക്കുമോ എന്ന സംശയം അധികമാരും ഉന്നയിക്കാറില്ല.

2:102 സൂക്തത്തിൽ ഇപ്രകാരം കാണാം. "അങ്ങിനെ അവരിൽനിന്ന് (ഹാറൂത്തിൽനിന്നും മാറൂത്തിൽ നിന്നും) ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല." സുദീർഘമായ ഒരു സൂക്തത്തിന്റെ ചെറിയ ഒരു ഭാഗമാണ് ഇവിടെ ഉദ്ധരിച്ചത്. ഈ സൂക്തത്തെ സംബന്ധിച്ച് ഖുർആൻ വ്യാഖ്യാതാക്കൾ ഏറെ ചർച്ച ചെയ്തിട്ടുണ്ട്. അതൊന്നും ഇവിടെ വിശദീകരിക്കുന്നില്ല. ഈ സൂക്തത്തിൽ പരാമർശിക്കപ്പെട്ട സിഹ്റ് ദമ്പതിമാർക്കിടയിൽ പിണക്കമുണ്ടാക്കാനുള്ള ഏതോ ഗൂഢ വിദ്യയായിരുന്നു. ആശയക്കുഴപ്പവും മിഥ്യാഭ്രമവും ഉണ്ടാക്കുക എന്നതുതന്നെയാണ് ഈ സിഹ്റിന്റെയും പ്രവർത്തനരീതി.

ബുഖാരിയുടെ ഹദീസ് വ്യാഖ്യാനങ്ങളോ പരിഭാഷകളോ മുഖേന ചോദ്യകർത്താവിന് കൂടുതൽ പഠനവിധേയമാക്കാവുന്നതാണ്. സിഹ്റ് നിമിത്തം നബി (സ്വ) ക്ക് താൽക്കാലിമായി യഥാർത്ഥ വിരുദ്ധമായ ചില തോന്നലുകൾ ഉണ്ടായിയെന്നാണ് ആ ഹദീസിലുള്ളത്. പ്രവാചകൻ സിഹ്റ് ബാധിച്ച ഒരു വ്യക്തിയായിരുന്നുവെന്നും അതുകൊണ്ടാണ് അദ്ദേഹം തനിക്ക് വഹ്യ് അഥവാ ദിവ്യബോധം ലഭിക്കുന്നതായി അവകാശപ്പെട്ടതെന്നും വിമർശകർ ആരോപിച്ചിരുന്ന കാര്യം വിശുദ്ധ ക്വുർആനിൽ (17:47, 17:101, 25:8, 26:153, 26:185) ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ബുഖാരിയിലെ ഹദീസ് ശരിയാണെങ്കിൽ വിമർശകരുടെ ആരോപണം ന്യായമാണെന്ന് വരുമെന്നാണ് ചിലർ പറയുന്നത്. എന്നാൽ മൂസാ നബി (അ) സിഹ്ർ ബാധിതനാണെന്ന് ഫിർഔൻ ആരോപിച്ചകാര്യം എടുത്തുപറഞ്ഞ ക്വുർആനിൽ (17:101) തന്നെ മൂസാനബി (അ) ക്ക് ജാലവിദ്യക്കാരുടെ സിഹ്ർ നിമിത്തം മിഥ്യാദർശനമുണ്ടായ കാര്യവും സുവ്യക്തമാക്കിയിട്ടുണ്ട്. ഒരു പ്രവാചകൻ പ്രബോധനം ചെയ്യുന്ന മുഴുവൻ ആശയാദർശങ്ങളും ആരുടേയോ സിഹിർ ബാധിച്ചതിന്റെ ഫലമായി ഉണ്ടായ മനോവൈകല്യത്തിന്റെ ഫലമാണെന്ന് പറയുന്നതും പ്രവാചകന് ജീവിതത്തിൽ എപ്പോഴോ ഒരിക്കൽ സിഹ്ർ ബാധനിമിത്തം മിഥ്യാദർശനമോ അയഥാർത്ഥമായ തോന്നലോ ഉണ്ടായി എന്നും പറയുന്നതും തമ്മിൽ അന്തരമുണ്ട്. കൂടുതൽ സൂക്ഷ്മജ്ഞാനം അല്ലാഹുവിനാണുള്ളത്.

നബി (സ്വ) യിൽ നിന്ന് വിശ്വസ്തരായ റിപ്പോർട്ടർമാരുടെ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ട ഹദീസിൽ തെറ്റ് സംഭവിക്കാൻ വളരെ വിദൂരമായ സാധ്യത മാത്രമേയുള്ളൂ. സിഹ്ർ സംബന്ധിച്ച ഹദീസിന്റെ നിവേദകപരമ്പരയിൽ ആക്ഷേപിക്കപ്പെട്ട വ്യക്തികൾ ആരെങ്കിലും ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഒരു ഹദീസ് വിശ്വസ്തർ മുഖേനയാണ് ഉദ്ധരിക്കപ്പെട്ടതെങ്കിൽ അതിന്റെ ഉള്ളടക്കം നമുക്ക് വ്യക്തമായി ബോധ്യപ്പെടാത്തതിന്റെ പേരിൽ അതിനെ തള്ളിപ്പറയുന്നത് നമുക്ക് ദോഷകരമാവാൻ സാധ്യതയുണ്ട്. നബി (സ്വ) യഥാർത്ഥത്തിൽ പറഞ്ഞതോ ചെയ്തതോ അവിടുത്തെ ജീവിതത്തിൽ സംഭവിച്ചതോ ആയ ഒരുകാര്യത്തെ നാം തള്ളിപ്പറയാൻ ഇടയാകുന്നത് ഗൗരവമുള്ള വിഷയമാണല്ലോ. (ശബാബ് 2005 ജനുവരി 21)